പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4925 05.02.2014 - ൽ മറുപടിക്ക്

<u>കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടികൾ</u>

ചോദ്യം

ശ്രീ. എ.എം. ആരിഫ്

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അനാഥക്കുട്ടികളെ സംരക്ഷിക്കുന്ന എത്ര കേന്ദ്രങ്ങളുണ്ട് ; | (എ) | അനാഥരായ കുട്ടികളെ പാർപ്പിക്കുന്നതിനായി 8 സർക്കാർ ചിൽഡ്രൻസ് ഹോമുകളും 20 സർക്കാർ അംഗീകാരമുള്ള സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളുമുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ ? | (ബി) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ദത്തു നൽകൽ നടപടി കൾ സ്വീകരിക്കുന്നത്. കുട്ടികളെ ദത്തെടുക്കുന്നതിന് താൽപര്യമുള്ള ദമ്പതികൾ അടുത്തുള്ള ഏതെങ്കിലും സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ പേര് വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. തുടർന്ന് ടി ഏജൻസി ടി ദമ്പതികളെ കുറിച്ച് വിശദമായ പഠനം നടത്തി ഹോം സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കുകയും ടി ഹോം സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ദമ്പതികൾക്ക് യോജിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവരെ ദമ്പതികൾക്ക് പ്രീ - അഡോപ്ഷൻ ഫോസ്റ്റർ കെയറിന് നൽകുകയും തുടർന്ന് ജില്ലാ കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്ത് അഡോപ്ഷൻ പ്രക്രിയ നിയമപരമായി തീർപ്പാക്കി ഉത്തരവാകുകയും ചെയ്യുന്നു. ദമ്പതികളുടെ വയസ്സുകൾ തമ്മിൽ കൂട്ടിയാൽ ആകെ തുക 90 – ൽ താഴെയുള്ളവർക്ക് മൂന്ന് വയസ്സിൽ താഴെയുള്ള കുട്ടികളെയും 90 മുതൽ 105 വയസ്സുവരെ പ്രായമുള്ളവർക്ക് മൂന്ന് വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികളെയുമാണ് ദത്തു നൽകുന്നത് |

സെക്ഷൻ ഓഫീസർ